പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2503 **27-10-2026-ൽ മറുപടിയ്ക്ക്**

സഹകരണ സംഘങ്ങളിലെ വായ്പ കുടിശിക തീർപ്പാക്കൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സി. അജയപ്രസാദ്

മറുപടി നൽകിയ മന്ത്രി

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) സഹകരണ സംഘങ്ങളിൽ നിന്നെടുത്ത വായ്പകളുടെ പലിശയിൽ ഇളവ് നൽകാൻ രൂപീകരിച്ചിട്ടുള്ള വിവിധ തലത്തിലുള്ള കമ്മിറ്റികൾ ഏതെല്ലാമാണെന്നും ഓരോ തലത്തിലുമുള്ള കമ്മിറ്റികളുടെ ഘടന എങ്ങനെയാണെന്നും ഓരോ തലത്തിലെ കമ്മിറ്റികൾക്കും എത്ര രൂപ വരെ പലിശയിൽ ഇളവ് നൽകാൻ അധികാരമുണ്ടെന്നും വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാന സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ വർധിച്ചു വരുന്ന കടിശ്ശിക/നിഷ്ക്രിയ ആസ്തികൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയും ഇവിടെ നിന്നും വായ്പയെടുത്തിട്ടുള്ള സാമ്പത്തിക പ്രതിസന്ധി നേരിടുന്നവർ , ഗുരുതര രോഗം ബാധിച്ചവർ, മരണങ്ങൾ, പ്രകൃതിക്ഷോഭം തുടങ്ങിയ കാരണങ്ങളാൽ യഥാസമയം തിരിച്ചടക്കാൻ കഴിയാതെ കുടിശ്ശികയായ വായ്പകളുടെ ബാധ്യതയിൽപ്പെട്ട സഹകാരികൾക്ക് ഇളവുകളോടെ വായ്പാകണക്ക് അവസാനിപ്പിക്കുവാൻ അവസരം നൽകിക്കൊണ്ടും 2026 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി "ആശ്വാസ് 2026" നടപ്പിലാക്കിയിട്ടുണ്ട്.

ടി പദ്ധതി പ്രകാരം സംഘം തലം, താലൂക്ക് തലം, ജില്ലാ തലം, സംസ്ഥാന തലം എന്നിങ്ങനെ നാല് തലങ്ങളിലായി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റികളുടെ ഘടന ചുവടെ ചേർക്കുന്നു;

1. സംഘം തല കമ്മിറ്റി	
അതാത് സംഘം /ബാങ്ക് പ്രസിഡന്റ്	ചെയർമാൻ
എല്ലാ ഭരണസമിതി അംഗങ്ങളും	അംഗങ്ങൾ
യൂണിറ്റ് ഇൻസ്പെക്ടർ	അംഗം
സംഘം ആഡിറ്റർ	അംഗം
എ&ഇ ഇൻസ്പെക്ടർ/സെയിൽ ഓഫീസർ	അംഗം
ജീവനക്കാരുടെ ഒരു പ്രതിനിധി	അംഗം
ചീഫ് എക്സിക്യൂട്ടീവ് / സെക്രട്ടറി	കൺവീനർ

2.താലൂക്ക് തല കമ്മിറ്റി	
ബഹു. എം.എൽ.എ മാർ	ചെയർമാൻ
ചെയർമാൻ സർക്കിൾ കോ ഓപ്പറേറ്റീവ് യൂണിയൻ	വൈസ് ചെയർമാൻ
അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)	കൺവീനർ
അസിസ്റ്റന്റ്റ് ഡയറക്ടർ(ഓഡിറ്റ്)	ജോയിന്റ് കൺവീനർ
ഓഫീസ് ഇൻസ്പെക്ടർ	അംഗം

3.ജില്ലാ തല കമ്മിറ്റി	
ജോയിന്റ് രജിസ്ട്രാർ (ജനറൽ)	ചെയർമാൻ
ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)	കൺവീനർ
ബഹു. എം.പി, എം.എൽ.എ മാർ	അംഗം
ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം), ജോയിന്റ് രജിസ്ട്രാർ (ജനറൽ), ആഫീസ്	അംഗം
ക്രെഡിറ്റ് സൊസൈറ്റിയുടെ പ്രതിനിധി/PACS അസോസിയേഷൻ പ്രതിനിധി	അംഗം

4. സംസ്ഥാന തല സ്റ്റിയറിംഗ് കമ്മിറ്റി	
ബഹു. സഹകരണ വകുപ്പ് മന്ത്രി	ചെയർമാൻ
സഹകരണ വകുപ്പ് സെക്രട്ടറി	അംഗം
സഹകരണ സംഘം രജിസ്ട്രാർ	കൺവീനർ
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)	അംഗം

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കമ്മിറ്റികളിൽ കാർഷിക ഗ്രാമ വികസന ബാങ്ക് പ്രതിനിധികളെ ഉൾപ്പെടുത്തണം എന്നതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ താലൂക്ക്/ ജില്ലാ കമ്മിറ്റികളിൽ സംസ്ഥാന കാർഷിക വികസന ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി കൺവീനർ അഡ്വ.ശ്രീ ഷാജി മോഹനെയും എറണാകുളം ജില്ലയിലെ ജില്ലാ/താലൂക്ക് തല കമ്മിറ്റികളിൽ സംസ്ഥാന കാർഷിക വികസന ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അംഗം ശ്രീ. ടി.കെ നവാസിനെയും കോട്ടയം ജില്ലാ/താലൂക്ക് കമ്മിറ്റികളിൽ സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അംഗം ശ്രീ ഫിൽസൻ മാത്യൂസിനേയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന തല സ്റ്റിയറിംഗ് കമ്മിറ്റിയിൽ കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, കേരള ബാങ്ക് പ്രതിനിധികളെ പ്രത്യേക ക്ഷണിതാവായും ഉൾപ്പെടുത്തിയിട്ടുണ്ട്.

ടി പദ്ധതി പ്രകാരം രൂപീകരിച്ചിട്ടുള്ള വിവിധ കമ്മിറ്റികൾക്ക് അനുവദിക്കാൻ കഴിയുന്ന ഇളവുകളെ കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു;

1. സംഘം തല കമ്മിറ്റി

5 വർഷത്തിൽ കൂടുതൽ കുടിശ്ശിക ആയ 50,000/-രൂപ വരെയുള്ള വായ്പയുടെ പലിശ പൂർണ്ണമായും ഒഴിവാക്കുന്നു.

5 വർഷത്തിൽ താഴെ കുടിശ്ശിക ആയ 50,000 രൂപ വരെയുള്ള വായ്പയുടെ പലിശ 50% വരെ ഇളവ് നൽകുന്നു.

50,000 നു മുകളിൽ 5 ലക്ഷം വരെ ഉള്ള വായ്പകളിൽ പലിശയിൽ പരമാവധി 25% ഇളവ് നൽകുന്നു.

5 ലക്ഷം മുതൽ 25 ലക്ഷം വരെയുള്ള വായ്പകളിൽ പരമാവധി 25% ശതമാനവും 25 ലക്ഷത്തിനു മുകളിൽ 50 ലക്ഷം വരെയുള്ള വായ്പകളിൽ പരമാവധി 15% വും വ്യവസ്ഥകൾക്ക് വിധേയമായി ഇളവ് നൽകുന്നു.

അതി ദരിദ്ര പട്ടികയിൽപ്പെട്ടവരുടെ 1 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ പലിശ പൂർണ്ണമായും 1 ലക്ഷം രൂപയ്ക്കു മുകളിൽ 5 ലക്ഷം വരെയുള്ള വായ്പകളിൽ പലിശയിൽ 50% വരെയും അധിക ഇളവ് സംഘം തല കമ്മിറ്റി നൽകുന്നു.

ഗുരുതര രോഗം ബാധിച്ചവരുടെ കാര്യത്തിൽ മേൽ ഇളവുകൾക്കു പുറമെ 50,000 രൂപ വരെയുള്ള വായ്പകളിൽ 15% വും 50,000 നു മുകളിൽ 1 ലക്ഷം വരെയുള്ളവയിൽ 12% വും 1 ലക്ഷത്തിനു മുകളിൽ 5 ലക്ഷം വരെയുള്ളവയിൽ 10% വും 5 ലക്ഷത്തിനു മുകളിൽ 10 ലക്ഷം വരെയുള്ളവയിൽ 5% വും 10 ലക്ഷത്തിനു മുകളിൽ 25 ലക്ഷം വരെയുള്ളവയിൽ 3% വും 25 ലക്ഷത്തിനു മുകളിൽ 2% വും അധിക പലിശ ഇളവും നൽകുന്നതാണ്.

2.താലൂക്ക് തല കമ്മിറ്റി

50,000 മുതൽ 25 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ പലിശയിൽ പരമാവധി 35% വരെയും 25 ലക്ഷത്തിനു മുകളിൽ 50 ലക്ഷം വരെയുള്ള വായ്പകളിൽ പരമാവധി 20% വരെയും ഇളവ് നൽകുന്നു.

3. ജില്ലാ തല കമ്മിറ്റി

50,000 മുതൽ 5ലക്ഷം വരെയുള്ള വായ്പകളിൽ പലിശയിൽ പരമാവധി 50% വും 5 ലക്ഷത്തിനു മുകളിൽ 25 ലക്ഷം വരെയുള്ള വായ്പകളിൽ പലിശയിൽ പരമാവധി 40% വരെയും 25 ലക്ഷം മുതൽ 50 ലക്ഷം വരെയുള്ള വായ്പകളിൽ പരമാവധി 25% വരെയും ഇളവ് നൽകുന്നു.

4. സംസ്ഥാന തല കമ്മിറ്റി

ജില്ലാതല കമ്മിറ്റിക്കു നല്കാവുന്നതിനേക്കാൾ കൂടുതൽ ഇളവ് നൽകേണ്ട സാഹചര്യമുണ്ടെങ്കിൽ അത്തരം അപേക്ഷകൾ സംസ്ഥാന കമ്മിറ്റിക്കു സമർപ്പിക്കാം. ജില്ലാ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പലിശയിലും മുതലിലും ഇളവു അനുവദിക്കാൻ സംസ്ഥാന കമ്മിറ്റിയ്ക്ക് അധികാരമുണ്ട്.

ക്യാഷ് ക്രെഡിറ്റ് വായ്പകൾക്കുള്ള ഇളവുകൾ

ക്യാഷ് ക്രഡിറ്റ് വായ്പകളിൽ അവസാന ഇടപാട് നടന്ന തീയതി മുതൽ സാധാരണ വായ്പയായി കണക്കാക്കി അതിനനുസൃതമായ ഇളവുകൾ നൽകുന്നു.

എം.എസ്.എസ്/എം.ഡി.എസ് വായ്പകളുടെ ഇളവുകൾ

എം.എസ്.എസ്, എം.ഡി.എസുകളിൽ കാലാവധി അവസാനിച്ച ശേഷം സാധാരണ വായ്പയായി കണക്കാക്കി അതിനനുസൃതമായ ഇളവുകൾ നൽകുന്നു.

ഈ പദ്ധതി പ്രകാരം പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കുകയും, ജപ്തി, ലേല നടപടികൾ നിർത്തിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഒറ്റത്തവണയായി അടയ്ക്കാൻ കഴിയാത്തവർക്ക് പദ്ധതി കാലയളവിൽ തവണകളായി അടയ്ക്കുന്നതിനും അനുമതി നൽകിയിരുന്നു. പദ്ധതി അവസാനിച്ച 30.09.2026 നുള്ളിൽ അപേക്ഷ സമർപ്പിച്ചവർക്ക് തുക അടയ്ക്കുന്നതിനു 2026 ഒക്ടോബർ 31 വരെ സമയം അനുവദിച്ചിട്ടുണ്ട്.

(ബി) ആശ്വാസ് (ഒറ്റത്തവണ തീർപ്പാക്കൽ) പദ്ധതിയുടെ നടത്തിപ്പിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടായതായി പറയപ്പെടുന്ന വീഴ്ച എന്താണെന്നും പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തലത്തിൽ കൈക്കൊള്ളാൻ തീരുമാനിച്ചിട്ടുള്ള നടപടികൾ എന്താണെന്നും വിശദമാക്കാമോ?

മറുപടി: ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി "ആശ്വാസ് 2026" പദ്ധതിയുടെ നടത്തിപ്പിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപെട്ടിട്ടില്ല. പദ്ധതിയുടെ നടത്തിപ്പിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ